കർണ്ണാടക	-	57.71 കോടി രൂപ
ആന്ധ്രാ	-	11079 കോടി രൂപ

ഈ കാലയളവിൽ മേൽപ്പറഞ്ഞ കോർപ്പറേഷനുകൾക്ക് സംസ്ഥാന സർക്കാർ നൽകിയ സബ്സിഡി താഴെപ്പറയും പ്രകാരമാണ്:

കർണ്ണാടക	-	70.73 കോടി രൂപ
ആന്ധ്രാ	-	469.37 കോടി രൂപ

(ഇ) കോർപ്പറേഷന്റെ തലപ്പത്ത് മാനേജ്മെന്റ് വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യിലെ ജനറൽ മാനേജർ തസ്തിക 26-7-2010-ൽ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

മരാമത്ത് പണികളുടെ കാലതാമസം

10 (*220) ശ്രീ. എം. ഉമ്മർ:
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡിലെ കുഴികളെല്ലാം അടയ്ക്കുമെന്ന പ്രഖ്യാപനം നടപ്പാവാത്തതുമൂലമാണ് മൺസൂൺ കനത്തതോടെ റോഡുകൾ താറുമാറായത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റോഡുകളിലെ പാച്ച് വർക്കുകൾ അപ്പപ്പോൾ ചെയ്യാനുള്ള സ്ഥിതം സംവിധാനത്തെക്കുറിച്ച് സർക്കാർ ആലോചിക്കുമോ ; ഇക്കാര്യത്തിൽ വിദഗ്ദ്ധരെയും, മുൻ എഞ്ചിനീയർമാരുടെയും അഭിപ്രായ രൂപീകരണം നടത്തുമോ ;

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിലെ വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനമില്ലാത്തതുമൂലം പണി പൂർത്തിയായാലുടൻ വീണ്ടും റോഡുകൾ വെട്ടിപ്പൊളിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ജനുവരി അവസാനിക്കുമ്പോൾ റോഡുകളെല്ലാം നേരെയാക്കുമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മരാമത്ത് ജോലികളുടെ എ.എസ്., ടി.എസ്., ടെണ്ടർ നടപടികൾ എക്സിക്യൂഷൻ എന്നീ ഓരോ ഘട്ടത്തിലും അനാവശ്യ കാലതാമസം ഉണ്ടാകുന്നതുമൂലം വരുന്ന അധികച്ചെലവിന്റെയും വരുമാനനഷ്ടത്തിന്റെയും കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അതിനുള്ള പരിഹാര നടപടികൾ എന്തെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) റോഡിലെ മിക്കവാറും കുഴികളെല്ലാം തന്നെ മൺസൂണിന് മുമ്പായി അടയ്ക്കുകയുണ്ടായി. മുമ്പ് ഉണ്ടായിട്ടില്ലാത്തവിധം ഉണ്ടായ കാലവർഷംമൂലം കുഴികൾ വീണ്ടും രൂപപ്പെടുകയുമാണുണ്ടായത്.

(ബി) സംസ്ഥാനത്തെ പ്രധാന റോഡുകൾ കാലാവസ്ഥാ വ്യതിയാനമൂലം തകരാറിലാകാതിരിക്കുന്നതിനും മഴക്കാലത്തും കൂറ്റമറ്റ രീതിയിൽ റോഡ് പണിനടത്തുന്നതിനെ കുറിച്ചും പഠനം നടത്തുന്നതിന് ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. ഇന്ത്യൻ റോഡ് കോൺഗ്രസ്സ്, ബോർഡർ റോഡ് ഓർഗനൈസേഷൻ എന്നിവയുടെ പ്രതിനിധികൾ കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും.

(സി). വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനമില്ലാതെ റോഡുപണി പൂർത്തിയായാലുടൻ വീണ്ടും വെട്ടിപൊളിക്കുന്നത് ഒഴിവാക്കാനായി ഇപ്പോൾ തന്നെ ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി നിലവിലുണ്ട്.

(ഡി) അപ്രതീക്ഷിതമായ ശക്തവും തുടർച്ചയായതുമായ മഴമൂലവുമാണ് അറ്റകുറ്റപ്പണികൾ മന്ദീഭവിച്ചത്. 2011 ജനുവരിയോടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഇ) പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുകയ്ക്കനുസരണമായി ടെണ്ടർ സമർപ്പിക്കാനുള്ള സമയം 7 ദിവസം മുതൽ 14 ദിവസംവരെയായി കൂറച്ചുകൊണ്ട് സർക്കാർ ഉത്തരവിറിക്കിയിട്ടുണ്ട്. ODR/MDR റോഡുകളുടെ അറ്റകുറ്റപ്പണികളുടെ വിജ്ഞാപനം അതത് ജില്ലകളിൽ നിന്നും എക്സി. എഞ്ചിനീയർ തലത്തിൽ പ്രസിദ്ധീകരിക്കാനും അനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയതിന് ശേഷം ടി.എസ്., ടെണ്ടർ നടപടികൾ, എക്സിക്യൂഷൻ എന്നിവയ്ക്കായി നിശ്ചിത സമയക്രമം പാലിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അനുവദിക്കപ്പെട്ടിട്ടുള്ള കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരുന്ന പ്രവൃത്തികൾക്ക് ഒരു പ്രാവശ്യം മാത്രമേ സമയപരിധി ദീർഘിപ്പിച്ച് നൽകുകയുള്ളൂ. രണ്ടാമത് സമയപരിധി ദീർഘിപ്പിച്ച് നൽകേണ്ടി വന്നാൽ കരാറുകാർ നിശ്ചിത തുക പിഴയായി സർക്കാരിൽ ഒടുക്കേണ്ടതാണ്. രണ്ടാമതും ദീർഘിപ്പിച്ചു നൽകുന്ന കാലാവധിക്കുള്ളിൽ പണി പൂർത്തിയായിട്ടില്ലെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദാക്കി പ്രവൃത്തി റീ-ടെണ്ടർ ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly